# തണൽ തരും കൈകൾ

കൂനിക്കൂനി നടന്നുവരുമൊരു-
വയസ്സനപ്പൂപ്പൻ
തോളിൽ സഞ്ചി തൂക്കി നടന്നൊരു-
താടിക്കാരനപ്പൂപ്പൻ
വേനൽ വെയിലാൽ വാടിത്തളർന്നു.
കുഴിഞ്ഞ കണ്ണാൽ മരത്തണൽ തേടി
എങ്ങുമില്ലൊരു പൊൻ മരവും
എങ്ങുമില്ലൊരു തണൽ മരവും
സഞ്ചി പിടിച്ചു നിലത്തിരുന്നാ-
പാവമപ്പൂപ്പൻ
മണ്ണു മെല്ലെയിളക്കിയിളക്കീ-
കുഴി കുഴിച്ചാ അപ്പൂപ്പൻ
വിത്തെടുത്താ സഞ്ചിയിൽ നിന്നും
കുഴിയിൽ വെച്ചു അപ്പൂപ്പൻ
വിത്തു മുളച്ചൊരു മരമാവട്ടെ!
വരും തലമുറക്കൊരു വരമാവട്ടെ!
കൂനിക്കൂനി പുഞ്ചിരിതൂകി
നടന്നു മറഞ്ഞാ അപ്പൂപ്പൻ!

നിസാറ കല്ലുങ്ങൽ



എവറസ്റ്റ് കീഴടക്കിയ ഏറ്റവും പ്രായം കുറഞ്ഞ വനിത- ഡിക്കി ഡോൾമ.